# കർതൃത്വവും പ്രാതിനിധ്യവും വിമതസാഹിത്യത്തിൽ

**ഡോ.ടി.മുരളീധരൻ**
പ്രിൻസിപ്പാൾ, ചേതനാ കോളേജ് ഓഫ് മീഡിയ ആന്റ് പെർഫോമിംഗ് ആർട്, ചിയ്യാരം, തൃശ്ശൂർ

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനദശകത്തിലാണ് സാഹിത്യത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള സംവാദങ്ങൾ സങ്കീർണ്ണമാകുന്നത്. എഴുപതുകളിലാണ് സ്ത്രീവാദം, വംശീയത, വർണ്ണവിവേചനം എന്നിവയെ കുറിച്ചുള്ള നവരാഷ്ട്രീയചർച്ചകൾ പ്രബലമാകുന്നത്. നവമാർക്സിസ്റ്റ് സിദ്ധാന്തങ്ങളിൽ പുതുഭാവങ്ങളിൽ തെളിഞ്ഞ പ്രത്യയശാസ്ത്രചർച്ചകളിൽ നിന്നും ഘടനാനന്തരവാദം തുറന്നതന്ന ദൂരക്കാഴ്ചകളിൽനിന്നുമൊക്കെയുണ്ടായ പ്രചോദനങ്ങളാണ് പിന്നീട് ഈ സംവാദങ്ങളാർജ്ജിച്ച സങ്കീർണ്ണതകളെ പരിപോഷിപ്പിച്ചതെന്നും കാണാം. ഇതിന്റെയൊക്കെ തുടർച്ചയായിട്ടാണ് സാഹിത്യപഠനത്തിലും വിമർശനത്തിലും ഒട്ടേറെ (ഉപ) ശാഖകൾ—സ്ത്രീവാദസാഹിത്യം, ബ്ലാക്ക്സാഹിത്യം, ജ്ഞാതസാഹിത്യം, ബഹിഷ്കൃതരുടെ സാഹിത്യം എന്നിങ്ങനെ നിലവിൽവന്നത്. സാഹിത്യാസ്വാദനത്തിൽ വന്നുചേർന്ന ഈ പുതിയ ദിശാബോധങ്ങൾ സ്വത്വത്തിനും സ്വത്വബോധത്തിനും മുൻതൂക്കം നല്കുകയും നിലവിലുണ്ടായിരുന്ന സൗന്ദര്യശാസ്ത്രത്തെ പൊളിച്ചെഴുതാൻ ശ്രമിക്കുകയും ചെയ്തതോടൊപ്പം അധികാരഘടനകൾ ഇരുട്ടിലും നിശ്ശബ്ദതയിലും ആഴ്ത്തിക്കളഞ്ഞിരുന്ന പല സ്വത്വങ്ങളെയും ശബ്ദങ്ങളെയും വീണ്ടെടുക്കാനുള്ള യത്നത്തിലും വ്യാപൃതമായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ ശക്തിയാർജ്ജിച്ചൊരു രാഷ്ട്രീയസംവാദമാണ് വിമതവാദം. വൈജ്ഞാനികചർച്ചകളിൽ നിർണ്ണായകമായ ഒരു സ്വാധീനമാകാൻ വിമതവാദത്തിനു കഴിഞ്ഞുവെങ്കിലും, വിമതസാഹിത്യം എന്നൊരു ശാഖ രൂപം കൊള്ളുകയുണ്ടായില്ലെന്നതു ശ്രദ്ധേയമാണ്. ഈയൊരു സാഹചര്യത്തെ മുൻനിർത്തി വിമതരാഷ്ട്രീയത്തിന്റെ പ്രത്യേകതകളെ വിശകലനം

ചെയ്യാനുള്ള ശ്രമമാണിത്.

ഇരുപതാംനൂറ്റാണ്ടിലെ പല സാഹിത്യസൈദ്ധാന്തികചർച്ചകളും സമകാലീനരാഷ്ട്രീയപ്രസ്ഥാനങ്ങളിൽനിന്നും പ്രചോദനമുൾക്കൊണ്ടു നിലവിൽ വന്നവയാണെങ്കിലും പിന്നീട് അത്തരം പ്രസ്ഥാനങ്ങളുടെ പ്രാഥമികാനുമാനങ്ങളെത്തന്നെ വിമർശനവിധേയമാക്കുവാനും അവയ്ക്കു സാധിച്ചുവെന്നതു ശ്രദ്ധേയമാണ്. സ്ത്രീവാദ സാഹിത്യവിമർശനത്തിൽ കർതൃത്വത്തെക്കുറിച്ചു നടന്ന സങ്കീർണ്ണമായ സംവാദങ്ങൾ പ്രസിദ്ധമാണല്ലോ. ആൺകോയ്മാവ്യവസ്ഥിതിക്കുള്ളിൽ നിർമ്മിക്കപ്പെടുന്ന സ്ത്രീസ്വത്വത്തിനു പോലും സ്ത്രീവാദ സാഹിത്യരചന ദുഷ്കരമായേക്കാമെന്ന് ഒരു വിഭാഗം വാദിച്ചപ്പോൾ പുരുഷാധിപത്യഘടനക്കുള്ളിൽ സ്ത്രീയായി ജീവിക്കേണ്ടിവരുന്ന ഏതൊരുവളും സാഹിത്യരചനയിൽ ഏർപ്പെടുമ്പോൾ ഭാഷയിലും ആഖ്യാനശൈലിയിലും സ്ത്രൈണാനുഭവത്തിന്റെ ആവിഷ്കാരമുണ്ടാകുമെന്ന് സാന്ദ്രാഗിൽബെർട്ടിനെയും ഹെലെൻ സിക്സുവിനേയും പോലുള്ളവർ സമർത്ഥിച്ചു. അതിനുള്ള അനേകം ദൃഷ്ടാന്തങ്ങൾ ആധുനികസ്ത്രീവാദരാഷ്ട്രീയത്തിന്റെ ആവിർഭാവത്തിനുമെത്രയോ മുമ്പു വന്ന പെൺരചനകളിൽനിന്നുമെടുത്തു നിരത്തുകയുംചെയ്തു.

സമകാലീന രാഷ്ട്രീയസംവാദങ്ങളിലെ ഏറ്റവും പുതിയ ധാരകളിലൊന്നായ വിമതവാദത്തിന്റെ പശ്ചാത്തലത്തിൽ കർതൃത്വം കൂടുതൽ സങ്കീർണമായ ഒരു പ്രശ്നമാവുന്നതായി കാണാം. ഇതു വ്യക്തമാകണമെങ്കിൽ സ്വത്വരാഷ്ട്രീയത്തിനു വിമതസംവാദങ്ങളിലുള്ള അസാധാരണഭൂമികയെ ആദ്യംതന്നെ വിശകലനം ചെയ്യേണ്ടതായിവരും. വലിയൊരളവുവരെ സ്ത്രീവാദത്തിന്റെ തുടർച്ചയായിത്തന്നെയാണ് സ്വവർഗ സംവാദങ്ങളുടെ ആരംഭമെങ്കിലും തൊണ്ണൂറുകളിലെ വിമത ചർച്ചകൾ ഇതിനു പുതിയചില മാനങ്ങൾ നല്കിയതോടെ ആദ്യകാല സ്ത്രീവാദചർച്ചകളിലെ ചില അടിസ്ഥാന അനുമാനങ്ങൾ ചോദ്യംചെയ്യപ്പെടുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സ്ത്രീ' എന്ന സ്വത്വസങ്കല്പത്തിനെതിരെ ജ്യൂഡിത് ബട്‌ലർ ഉയർത്തിയ വിമർശനംതന്നെയാണ്.

ലിംഗസ്വത്വത്തെ ഏതെങ്കിലും രീതിയിൽ ഒരു മൗലിക ഏകകമായി അനുമാനിക്കുന്നതിനെതിരെ ആയിരുന്നു ബട്‌ലറുടെ നിലപാട്. ലിംഗസ്വത്വത്തെ അവതരണാത്മകത (performativity)യിലൂടെ മാത്രം നിലവിൽ വരുന്നൊരു സാമൂഹ്യഭാവനയായി നിർവ്വചിച്ചതിലൂടെ ബട്‌ലർ സമകാലീന ലിംഗരാഷ്ട്രീയത്തിനു പുതുമാനങ്ങൾ നല്കി. ബട്‌ലറുടെ വീക്ഷണങ്ങൾ വിമതസംവാദങ്ങളിൽ നിർണ്ണായകസ്വാധീനമായി ഇന്നും തുടരുന്നു. സ്വവർഗരാഷ്ട്രീയത്തിൽനിന്നും വിമത രാഷ്ട്രീയത്തിലേക്കുള്ള

പരിണാമത്തിനു ത്വരകമായതും ബട്‌ലറുടെ വീക്ഷണങ്ങളാണെന്നു പറയാം.

അറുപതുകളുടെ അന്ത്യത്തിൽ യൂറോ-അമേരിക്കൻ സമൂഹങ്ങളിൽ സ്വവർഗപ്രസ്ഥാനങ്ങളും അനുബന്ധസംവാദങ്ങളും ആരംഭിക്കുന്ന കാലത്ത് ന്യൂനപക്ഷ രാഷ്ട്രീയമെന്നൊരു മേൽവിലാസം അവയ്ക്ക് അനിവാര്യമായിരുന്നു. 'സ്വവർഗസ്നേഹി'കളെന്നും ട്രാൻസ്ജെന്ററുകളെന്നും സ്വയം അടയാളപ്പെടുത്തി ജീവിക്കാൻ ശ്രമിക്കുന്നവരുടെ നിലനില്പും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിനാണ് ഈ പ്രസ്ഥാനങ്ങൾ ആരംഭകാലത്ത് ഊന്നൽ നല്കിയത്. അത്തരം ആളുകൾ കടുത്ത വിവേചനങ്ങൾക്കും പലരീതിയിലുള്ള അക്രമങ്ങൾക്കും വിധേയരായിക്കൊണ്ടിരുന്ന അക്കാലത്ത് ഇത്തരമൊരു നിലപാട് അത്യാവശ്യമായിരുന്നു താനും .

## ഭൂരിപക്ഷലൈംഗികതയെ അപനിർമിക്കുമ്പോൾ

എന്നാൽ 90-കളിൽ വിമതസംവാദങ്ങളുടെ ആവിർഭാവത്തോടെ ലൈംഗികതാപഠനങ്ങൾക്കും രാഷ്ട്രീയചർച്ചകൾക്കും നിർണ്ണായകമായ ചില ദിശാഭേദങ്ങൾ വന്നുചേരുകയുണ്ടായി. സ്വത്വ/ലൈംഗിക അഭിരുചികളെ സ്വാഭാവികം/അസ്വാഭാവികം എന്ന ദ്വന്ദ്വസങ്കല്പങ്ങളിൽ തളച്ചിടാതെ, അവയിലെ ബഹുസ്വരതയെ തിരിച്ചറിയുന്നതിലൂടെ, സ്വത്വരൂപീകരണത്തിലെ അനന്തസാദ്ധ്യതകളെ തിരിച്ചറിയാനും അവയെ ആഘോഷിക്കുവാനുമാണ് വിമതവാദം ഉദ്ഘോഷിക്കുന്നത്. കറുത്തവർഗക്കാരെ അധിക്ഷേപിക്കുന്ന രീതിയിൽ വെള്ളക്കാർ ഉപയോഗിച്ചിരുന്ന 'നീഗ്രോ' എന്ന വിശേഷണത്തിൽനിന്നു 'നെഗ്രിറ്റിയൂഡ്' എന്നൊരു പ്രസ്ഥാനം തന്നെ നിലവിൽ വന്നതും അതു കറുത്തവരുടെ ശാക്തീകരണത്തിന്റെ പ്രതീകമായതും പ്രശസ്തമാണല്ലോ. ഏതാണ്ട് അതിനു സമാനമായ രീതിയിൽ, സ്വത്വാവിഷ്കാരത്തിലോ ലൈംഗികാഭിരുചിയിലോ മുഖ്യധാരയിൽനിന്നു വേറിട്ടു നിലനിന്നിരുന്നവരെ അധിക്ഷേപിക്കാനായി ഉപയോഗിച്ചിരുന്ന 'ക്വീയർ' (വിചിത്രം, വികൃതം)എന്ന പദത്തെ തന്നെയാണ് ശാക്തീകരണത്തിന്റെ മുദ്രയായി വിമതപ്രസ്ഥാനങ്ങൾ ഉപയോഗപ്പെടുത്തിയത്. തുടർന്നു നടന്ന ചർച്ചകൾ സുവിദിതമായ ഒരു 'വ്യക്തിത്വ'രൂപീകരണത്തിനു പകരം, സ്വത്വാവിഷ്കാരത്തിലും പ്രണയ/ലൈംഗികാഭിരുചികളിലും അനന്തസാദ്ധ്യതകളെ തിരിച്ചറിയുന്നതും അവയ്ക്ക് അംഗീകാരം നേടിയെടുക്കുന്നതുമാണ് കൂടുതൽ ഫലപ്രദമായ ശാക്തീകരണം എന്ന തിരിച്ചറിവിലേക്കാണു നയിച്ചത്. ചുരുക്കത്തിൽ വിമതപഠനങ്ങൾ വിശകലനവിധേയമാക്കുന്നത് ന്യൂനപക്ഷമാക്കപ്പെടുന്നൊരു വിഭാഗത്തെയല്ല, പകരം ഭൂരിപക്ഷമെന്ന

അനുമാനത്തെതന്നെയാണ്. നിലവിലുള്ള 'നോർമൽ' എന്ന സങ്കല്പത്തെ തന്നെ ചോദ്യം ചെയ്യുന്നതിലൂടെ 'ആൺ/പെൺ', 'ഹോമോ/ഹെറ്ററോ ' തുടങ്ങിയ ദ്വന്ദ്വസങ്കല്പങ്ങളുടെ അപനിർമിതി തന്നെയാണ് വിമതവാദം ലക്ഷ്യമിടുന്നത്. ലൈംഗികതകളെയും സ്വത്വാവിഷ്കാരങ്ങളെയും ദ്വന്ദ്വഭാവനകളിൽനിന്നു മോചിപ്പിക്കുന്നതിലൂടെ വീണ്ടെടുക്കാനാവുന്ന വൈവിധ്യങ്ങളുടെ ഒരു മഴവിൽലോകത്തിന്റെ നിർമിതിയാണ് വിമതവാദം സ്വപ്നം കാണുന്നത്: ഒട്ടനവധി പൗരുഷങ്ങളും സ്ത്രൈണതകളും അവക്കെല്ലാമിടയിൽ വിന്യസിക്കപ്പെടുന്ന വൈവിധ്യമാർന്ന പ്രണയങ്ങളുമാണാ ലോകത്തിന്റെ പ്രത്യേകത.

സാഹിത്യവിമർശനത്തിൽ ലിംഗ, ലൈംഗികതാരാഷ്ട്രീയംകൂടി ഉൾപ്പെടുത്തുമ്പോൾ ഉയരുന്ന അനിവാര്യമായ ചില ദുരൂഹതകളിലേയ്ക്കും വിമതസംവാദം വെളിച്ചം വീശുന്നുണ്ട്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ബ്ലാക്ക്സാഹിത്യം, പോസ്റ്റ് കൊളൊണിയൽസാഹിത്യം, ദളിത്സാഹിത്യം എന്നൊക്കെയുള്ള ഒരു ഇനം തിരിക്കൽ വിമതരാഷ്ട്രീയ പശ്ചാത്തലത്തിൽ ദുഷ്കരമാകുന്നുവെന്നത്. നിലവിലുള്ള അധികാരഘടന ചിലരെ കറുത്തവർ എന്നോ ദളിതരെന്നോ ഒക്കെ അടയാളപ്പെടുത്തുന്നുവെന്നതുകൊണ്ടുതന്നെ അങ്ങനെയുള്ളവരുടെ രചനകളെ, അവയിലെ അനുഭവസാക്ഷ്യങ്ങളെയും പ്രതിഷേധങ്ങളെയും പ്രത്യേകമായി വിലയിരുത്തുകയെന്നത് സാദ്ധ്യമാകുന്നു. തരം തിരിക്കലുകൾ വിവേചനങ്ങളുടെ അടിസ്ഥാനമാകുമ്പോൾ തന്നെ അവ പ്രതിഷേധങ്ങൾക്കുള്ള ഇടങ്ങൾ സൃഷ്ടിക്കുകകൂടി ചെയ്യുന്നുണ്ട്. ഈ ഇടങ്ങളിൽനിന്നാണ് അദൃശ്യതയ്ക്കും അരികുവത്കരണങ്ങൾക്കും എതിരായ ശബ്ദങ്ങൾ ഉയരുന്നത്.

എന്നാൽ സ്ത്രീപക്ഷസാഹിത്യത്തിന്റെ കാര്യത്തിൽതന്നെ ഇത്തരമൊരു തരംതിരിക്കൽ ചിലപ്പോൾ ദുരൂഹതകൾ സൃഷ്ടിക്കാറുണ്ട്. സ്ത്രീകൾക്കു മാത്രമേ സ്ത്രീവാദസാഹിത്യരചന സാധ്യമാകൂ എന്നും സ്ത്രീകൾ എങ്ങനെ എഴുതിയാലും അതു സ്ത്രീവാദസാഹിത്യമാകുമോ എന്നുമുള്ള ചോദ്യങ്ങൾ പലതവണ ആവർത്തിക്കപ്പെട്ടവയാണല്ലൊ. എന്നാൽ വിമതരാഷ്ട്രീയം 'ആരാണ് യഥാർത്ഥസ്ത്രീ'? എന്നൊരു ചോദ്യം കൂടി ഉയർത്തുന്നു. 'പെണ്ണ്' എന്നു വായിക്കപ്പെടുന്ന ശരീരം മാത്രമല്ലല്ലൊ ഒരു വ്യക്തിയെ സ്ത്രീയാക്കുന്നത്. 'ആണ്' എന്നു വായിക്കപ്പെടുന്ന ശരീരവും 'സ്ത്രൈണ'മെന്നു വായിക്കപ്പെടുന്ന സ്വത്വാവിഷ്കാരവും ഉള്ള ഒരു വ്യക്തിക്ക് ആൺകോയ്മാസമൂഹത്തിൽ എവിടെയാണ് സ്ഥാനം? അത്തരം ഒരു വ്യക്തിയുടെ സാഹിത്യാവിഷ്കാരങ്ങളുടെ വായനാസാദ്ധ്യതകൾ എങ്ങനെ നിർവചിക്കാം?

അഭാവം നിർബ്ബന്ധിതമാണ് !

ലൈംഗികവൈവിധ്യങ്ങൾകൂടി കണക്കിലെടുത്താൽ ചോദ്യങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളാകും. കേവലം 'ഹോമൊ/ഹെറ്ററോ' എന്ന അശാസ്ത്രീയമായ ഇനംതിരിക്കലിനെ മറികടന്നാൽ ഗോചരമാകുന്ന വൈവിധ്യങ്ങൾ ഇന്നും ലേബലുകളുടെ അഭാവത്തിൽ പൊതുസമൂഹത്തിൽ അദൃശ്യങ്ങളായി തന്നെ തുടരുന്നു. പ്രത്യേകിച്ചും, ഇന്ത്യയിലെ പോലുള്ള സമൂഹങ്ങളിൽ വിമതലൈംഗികതകൾ അടയാളപ്പെടുത്തപ്പെടുന്നതുതന്നെ 'അസാദ്ധ്യത'കളായിട്ടാണ്. നിലവിലുള്ള കുടുംബസങ്കല്പങ്ങളും സാമൂഹ്യവിവേചനങ്ങളും മുഖ്യഭാവനകളിൽനിന്നു വ്യതിചലിക്കുന്ന സ്വത്വാനുഭവങ്ങളും പ്രണയാഭിരുചികളും ഉള്ളവരെ അവയുടെ സ്വതന്ത്രമായ ആവിഷ്കരണങ്ങളിൽനിന്നു പിന്തിരിപ്പിക്കുകമാത്രമല്ല, അംഗീകരിക്കപ്പെട്ട മാതൃകകൾക്കനുസരിച്ചുള്ള പ്രകടനങ്ങൾക്കു പിന്നിൽ മറഞ്ഞിരിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നതിലൂടെയാണ് ഇത്തരം ഒരു 'അഭാവം' സമൂഹത്തിൽ സൃഷ്ടിച്ചെടുക്കുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ സ്വയം അടയാളപ്പെടുത്തൽ വ്യക്തികളുടെ ഉത്തരവാദിത്തവും പ്രതിരോധവും ആയി മാറുന്നു. ഇത്തരം ഒരു നിയോഗമാണ് ഇന്നു സ്വയം സ്വവർഗസ്നേഹികളെന്നൊ ട്രാൻസ്ജെന്ററുകളെന്നോ പ്രഖ്യാപിക്കുന്നവർ ഏറ്റെടുക്കുന്നത്. തൊലിക്കു നിറമുള്ള വ്യക്തിയോട് 'നീ കറുത്തവനാ/ളാണെന്നു പറയുന്നത് ചുറ്റുമുള്ള സമൂഹമാണ്. എന്നാൽ ഭിന്നവർഗലൈംഗികതയിൽ ഒതുങ്ങാത്ത അഭിരുചികൾ ഉള്ള ഒരു വ്യക്തിക്കു താൻ വ്യത്യസ്തനാ/യാണെന്ന വിളിച്ചു പറയൽതന്നെ ഒരു ബാധ്യതയായി മാറുന്നു. പരസ്യപ്രസ്താവനയിലൂടെയോ ശരീരഭാഷയിലൂടെയോ സ്വന്തം വിമത സ്വത്വം പ്രഖ്യാപിക്കുന്നവർ ഒറ്റപ്പെടുത്തലുകൾക്കും ശാരീരികവും മാനസികവുമായ പീഡനങ്ങൾക്കും വിധേയരാകുമ്പോൾ അവ മറച്ചുവെയ്ക്കുന്നവർക്കു സാമൂഹ്യാംഗീകാരവും മറ്റു ആനുകൂല്യങ്ങളും ലഭ്യമാകുകയും ചെയ്യുന്നു.